# ഉമ്മ

എൻ. എൻ. അബ്ദുൽ ഗഫൂർ

എനിക്കുമ്മ
ആദ്യം കേട്ട ഹൃദയതാളം
മോദത്തോടെ നുണഞ്ഞ അമ്മിഞ്ഞ
ഈണത്തിൽ കേട്ടുറങ്ങിയ താരാട്ട്

എനിക്കുമ്മ
ആദ്യം തിരിച്ചറിഞ്ഞ ശബ്ദം
നോക്കിച്ചിരിച്ച മുഖം
വിളിച്ചു കരഞ്ഞ പേര്
മെഴുകുതിരിപോൽ വെളിച്ചം തന്ന്
സ്വയം ഉരുകിത്തീർന്നവൾ

എനിക്കുമ്മ
മനസ്സൊന്നിടറുമ്പോൾ
ആദ്യം മനസ്സിൽ ഓർമ്മവരുന്ന മുഖം
കദനങ്ങൾ കരളിൽ ഏറ്റുവാങ്ങി
കനിവിന്റെ കടൽ
ചൊരിഞ്ഞുതന്നവൾ

എനിക്കുമ്മ
കേട്ടാൽ മതിവരാത്ത രാക്കഥ
പറഞ്ഞു തീരാത്ത പോരിശ
ആഴങ്ങളിൽനിന്ന് നോക്കുമ്പോൾ
നീണ്ടുവരുന്ന സഹായക്കൈ
ശത്രുക്കളെ കരുതിയിരിക്കും
ഉറക്കമിളച്ച കാവൽക്കണ്ണ്

എനിക്കുമ്മ
കൺകോണിലശ്രുവും
കരൾത്തടത്തിലലിവും
കഞ്ഞിക്കലത്തിൽ വറ്റും
കാൽക്കീഴിൽ സ്വർഗ്ഗവും
കരുതിവെച്ചവൾ. ■

# പ്രളയക്കെടുതി

ഷീബ നബീൽ, ഗുരുവായൂർ

മഴയും,
മഴക്കാറ്റും
നോക്കിയിരിക്കെ,
പ്രളയം വന്നതറിഞ്ഞതേയില്ല.
മിഴികളും ഹൃദയവും
അതിൽ പെട്ടുപോയി
■

